<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6550**</u> <u>**11-11-2021 - ൽ മറുപടിയ്ക്ക്**</u>

<u>**തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. നാളികേരത്തിന്റെ ഉത്പാദനവും തെങ്ങിന്റെ ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദന ക്ഷമതയുള്ള ഇനങ്ങൾ നട്ട് പിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലന രീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കേര വികസന പദ്ധതികൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. നാളീകേര കർഷകർക്കായി കേരഗ്രാമം പദ്ധതി, തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടു കൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. കേരഗ്രാമം നടപ്പിലാക്കുവാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേര കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ നാളീകേര വികസന കൌൺസിൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡ് ഒന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേര കേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങ സംഭരണവും തെങ്ങിൻ തൈ ഉത്പാദനവുമായി ബന്ധപ്പെട്ട് 1359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളീകേര മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശനവും അന്തർദേശീയ ശില്പശാലയും 2016 മുതൽ കൃഷിവകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളീകേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവത്കരണവും വിപണനവും നടത്തുന്നതിലൂടെ കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഉത്പാദന ശേഷി കൂടിയ തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ എത്ര സ്ഥാപനങ്ങൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; അത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | I. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ 1) തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, കഴക്കൂട്ടം 2) തെങ്ങിൻതൈ ഉല്പാദനകേന്ദ്രം, വലിയതുറ 3) ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമല 4) ബനാന നഴ്സറി, പെരിങ്ങമല 5) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ചിറയിൻകീഴ് 6) സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ഉള്ളൂർ II.കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഫാമുകൾ 1) ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി 2) കോക്കനട്ട് റിസർച്ച് സ്റ്റേഷൻ, ബാലരാമപുരം (CRS) III.വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ |

| | | | |
|---|---|---|---|
| | | | കൌൺസിൽ, കേരളം 1) കൃഷി ബിസിനസ്സ് കേന്ദ്രം, ആനയറ |

സെക്ഷൻ ഓഫീസർ